ആലപ്പുഴ ജില്ലയിലെ എച്ച്.എസ്.എ. മലയാളം പി.എസ്.സി. നിയമനം

45 (1749) ശ്രീ. ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്, ഈ ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് ഇതുവരെ നിയമനം നൽകി ; വിവിധ വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ് നിലവിലില്ല. 15-10-2010-ൽ നിലവിൽ വന്ന ടി ലിസ്റ്റിന്റെ കാലാവധി 14-4-2015 -ൽ അവസാനിച്ചു.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പതിനാല് പേർക്ക് നിയമനം നൽകി. വിഭാഗങ്ങൾ തിരിച്ച കണക്ക് താഴെ ചേർക്കുന്നു :

ജനറൽ	-	7
ഈഴവ	-	1
പട്ടികവർഗ്ഗം	-	1
മുസ്ലിം	-	1
ഒ.ബി.സി.	-	1
അദർ ക്രിസ്ത്യൻസ്	-	1
ധീവര	-	1
ഹിന്ദു-നാടാർ	-	1
ആകെ	-	14

LIBRARY ARCHIVES Kerala Legislative Assembly